**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5464** **21-07-2022 - ൽ മറുപടിയ്ക്ക്**

**അവശവിഭാഗങ്ങൾക്ക് ക്ഷീരവികസന വകുപ്പിന്റെ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | വനിതകൾ, ദുർബ്ബല വിഭാഗക്കാർ, പട്ടികവിഭാഗങ്ങൾ എന്നിവരിൽ സമൂഹത്തിൽ അവശതയനുഭവിക്കുന്നവർക്ക് തൊഴിലും വരുമാനവും നൽകുന്നതിന് ക്ഷീരവികസന വകുപ്പ് എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (എ) | വനിതകൾ, ദുർബ്ബല വിഭാഗക്കാർ, പട്ടികവിഭാഗങ്ങൾ എന്നിവരിൽ സമൂഹത്തിൽ അവശത അനുഭവിക്കുന്നവർക്ക് തൊഴിലും വരുമാനവും നൽകുന്നതിന് ക്ഷീരവികസന വകുപ്പ് നടത്താനുദ്ദേശിക്കുന്ന പദ്ധതിയാണ് "അതിദരിദ്ര വിഭാഗത്തിൽ പെട്ട വനിതകൾക്ക് ഒരു പശു നൽകുന്ന പദ്ധതി." ദാരിദ്ര്യ നിർമ്മാർജ്ജനത്തിന്റെ ഭാഗമായി ക്ഷീരമേഖലയിൽ പശു വളർത്തലിൽ തൽപ്പരരായ വനിതകൾക്ക് 90 ശതമാനം സബ്സിഡിയോടെ ഒരു പശു യൂണിറ്റിന് ധനസഹായം നൽകുന്നതിനാണ് പ്രസ്തുത പദ്ധതിയിൽ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ